T.61

T61
B44

T61
[illegible]437
2

XVIII - 53
2135

# ഈശപ്രസാദം

(ഒരു ഖണ്ഡകാവ്യം.)

HOUSE OF STUDIES T.O.C.D. MANGALORE

BY

SISTER MARY BENIGNA C. D.

(മേരി ജോൺ തോട്ടം).

T61
B 437

കലാവിലാസിനി പ്രസിദ്ധീകരണശാല,

തിരുവനന്തപുരം.

COLLEGE LIBRARY BANGALORE 7130

DEFINITORY T. O. C. D. No. 4351 LIBRARY.

(Copy Right)

ഒന്നാംപതിപ്പ് കോപ്പി 1000.

1109

1933

വില ചക്രം ൧.

61
44

---

ടമസ്ഥന്റെ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു.

XL
DEFINITORY T. C.
No.........
LIBRARY.

# മുഖവുര.

ഉദ്ദേശം അഞ്ചുകൊല്ലങ്ങൾക്കമുൻപ്, സാഹിത്യലോകത്തുനിന്നും സന്യാസത്തിരശ്ശീലയ്ക്കുള്ളിൽ മറഞ്ഞ ഞാൻ, ഈ കുറഞ്ഞൊരുകാലത്തെ സമാധിക്കുശേഷം, ഇപ്പോൾ ഇതാ അണിയറയിൽ പാടാൻ ആരംഭിച്ചിരിക്കുന്നു.

പൂർവ്വപിതാവായ അബ്രാഹം, തൻെറ ഏകപുത്രനായ ഇസഹാക്കിനെ തനിക്കായി ബലികഴിക്കണമെന്നു ദൈവം അദ്ദേഹത്തെ അറിയിച്ചു. മനുഷ്യസഹജമായ പുത്രവാത്സല്യം ഈ കൃത്യനിർവ്വഹണത്തിൽ അദ്ദേഹത്തെ വളരെ വിഷമിപ്പിച്ചിരിക്കാമെങ്കിലും, ഈശപ്രസാദത്തെ സർവ്വോപരിയായി ഗണിച്ചുകൊണ്ടു് അദ്ദേഹം ബലിക്കൊരുങ്ങി. സർവ്വസൽഗുണസമ്പൂർണ്ണനായ ആ പുത്രനെ, യാതൊരു കൂസലുംകൂടാതെ കാൽകരങ്ങൾ ബന്ധിച്ചു പീഠത്തിന്മേൽ കിടത്തിക്കൊണ്ടു വെട്ടുന്നതിനായി വാളോങ്ങി. ഉടനെ ദൈവം തൻെറ ദൂതനെ അയച്ചു് ആ പുണ്യപുരുഷൻെറ കൈയ്യേ തടഞ്ഞു. ഇസഹാക്കു മോചിതനായിതീരുകയും ചെയ്തു. നിരപരാധിയായ ഇസഹാക്കിൻെറ രക്തമല്ല തൻെറ വിശ്വസ്തഭൃത്യനായ അബ്രാഹമിൻെറ അനുസരണമാണു് ദൈവം ആവശ്യപ്പെട്ടതു്.

ഏകദേശം ഇതുപോലെ തന്നെ ഒരു പരീക്ഷ എനിക്കും ഇവിടെയുണ്ടായി. ഞാൻ ഈ ആശ്രമത്തിനകത്തു പ്രവേശിച്ചപ്പോൾ, എൻെറ കണ്ണിലുണ്ണിയായ "കവിതാകാമിനി"യെ ഇവിടെ ബലികഴിക്കണമെന്നു ദൈവം— അതേ ദൈവം തന്നെ—എന്നോടാവശ്യപ്പെട്ടു. പിതാവായ അബ്രാഹമിൻെറ മാതൃകയനുസരിച്ചു ഞാനും ബലിക്കൊരുങ്ങി. യാതൊരു ശങ്കയും താമസവും കൂടാതെ ആ നിരപരാധിനിയെ, ആ സർവ്വലോകസുന്ദരിയെ, ആ ആനന്ദവിഗ്രഹത്തെ, കാൽകരങ്ങൾ ബന്ധിച്ചു ബലിപീഠത്തിന്മേൽ കിടത്തി; മധുരഗാനങ്ങൾ ആലപിച്ചു സഹൃദയന്മാരെ ആനന്ദിപ്പിക്കുന്ന ആ മനോഹരകണ്ഠത്തിനു നേരെ ഞാൻ വാളോങ്ങി. പക്ഷേ ഉയൎന്ന വാൾ താഴുന്നതിനു മുമ്പു് ദൈവത്തിൻെറ സ്ഥാനാപതി എന്നെത്തടഞ്ഞു. കവിതാകാമിനി വിമുക്തയായി. അവൾ ഇതാ പാടിക്കൊണ്ടു പുറപ്പെട്ടിരിക്കുന്നു. ഞാൻ അണിയറയിലിരുന്നുകൊണ്ടു് എൻെറ സഹോദരൻെറ സംരക്ഷണയിൽ അവളെ അരങ്ങത്തക്കിറക്കുകയാണു്. വന്ദ്യഗുരുജനങ്ങളും മാന്യസുഹൃത്തുക്കളും അവളെ സസന്തോഷം സ്വീകരിച്ചു പ്രോത്സാഹിപ്പിച്ചു കാണ്മാൻ ആഗ്രഹിക്കുന്നു.

കരവിലങ്ങാട്ടു് ക: മഠം,
26—2—1109.

ഗ്രന്ഥകർത്രി.

XVIII. 53
2135

# ഈശപ്രസാദം

HOUSE OF STUDIES
MANGALAPUZHA

1

സൎവ്വേശപാദയുഗഭക്തരിൽ മുമ്പനായി-
സ്സ്വംസഹയ്യൂരിയ മൌക്തികമാല്യമായി
എബ്രായരാം സുകൃതികൾക്കവതംസമേക-
നബ്രാഹമെന്നഭിധയോടു പുരാ വിളങ്ങി.

2

കൂറേറിടുന്ന ഗുണശാലിനി ധൎമ്മപത്നി
സാറായുമൊത്തു നിവസിച്ചു വരുന്നകാലം
ആറാത്ത താപമകമേയിരുവൎക്കുമുണ്ടായ്
കാറൊത്തവേണിയുടെ വന്ധ്യതമൂലമായി.

3

സമ്പത്തു, ദേഹസുഖ,മീശ്വരഭക്തി, ലോക-
മൻപോടു തേടുമൊരു മാന്യതയെന്നിതെല്ലാം
ഇമ്പത്തിനൊത്തവിധമുണ്ടതുകൊണ്ടു പാൎത്താൽ
ദാമ്പത്യജീവിതസുഖം പരിപൂൎണ്ണമാമോ?

4

സന്താനമറെറാരു കുടുംബമതിൻെറ ഭവ്യം
ഗന്ധം വെടിഞ്ഞ കുസുമത്തിനു തുല്യമല്ലോ.
ചിന്തിക്കിലീയഴലകന്നു സുഖം ലഭിപ്പാ-
നന്തം വിനാ കരുണയീശ്വരനേകിടേണം.

5

സത്യം കഥിക്കിലതിനും മനതാരിലാശ-
യെത്തുന്ന കാലമകലത്തു കടന്നുപോയി
വാൎദ്ധക്യവും പരമകാഷ്ഠയിലെത്തി, മേലാൽ
പുത്രോദയം പ്രകൃതിതൻ വികൃതിത്വമല്ലോ.

6

സൃഷ്ടിച്ചവന്റെ തിരുവുള്ളമിതെന്നുറച്ചു
ശിഷ്ടദ്വയം പരമടങ്ങി വസിച്ചുകൊണ്ടു്
ശ്രേഷ്ഠത്വമാൎന്ന സുകൃതങ്ങളിലൂനമററ
ദൃഷ്ടാന്തമന്നഖിലദമ്പതിമാൎക്കമേകി.

7

ഈ ജീവിതസ്ഥിതിയിലീശനകം തെളിഞ്ഞി-
ട്ടാജീവനാന്തസുഖമൊന്നരുളാനുറച്ചു
രാജീവനേത്രസുതനെ പ്രസവിക്കുമെന്നാ-
യാജ്ഞാനുബാഹു ജരഠന്നറിവേകി മോദാൽ.

8

ഓൎത്താലിതത്ഭുത,മചനു ശതാബ്ദപൂൎത്തി,
താൎത്തേൻമൊഴിക്കതിനടുത്ത ദശാബ്ദപൂൎത്തി
വാൎദ്ധക്യകാലമതിലീവക ഭാഗധേയം
സിദ്ധിപ്പതില്ല മനുജനുലകത്തിലെങ്ങും.

9

എന്നാലുമീശപദസേവകനുള്ളിലേതും
വന്നെത്തിയില്ലൊരു വിശങ്ക യിതിങ്കലന്നാൾ
കുന്നിച്ചിട്ടന്നൊരു കൃതജ്ഞത ശുദ്ധബാഷ്പ-
ബിന്ദുക്കളാൽ കുറവചകനു വെളിപ്പെടുത്തി.

10

കാലംതികഞ്ഞു സുതനെ പ്രസവിച്ചു സാറാ
മാലാകെ നീങ്ങിയിരുവൎക്കുമകക്കുരുന്നിൽ
കാലോചിതം മതപരം ശുഭകൎമ്മമെല്ലാം
ചേലോടു ചെയ്തു വിധിപോൽ ചെറുപൈതലിന്നു്.

11

ബാലന്നു നാമ“മിസഹാക്കു”തുതൽപിതാക്കൾ-
ക്കാലാപമാധുരി പരം ചൊരിയുന്ന ഗീതം
ഓലുന്ന തൂമധുവതാണധരത്തിനേവം
തൈലാഭിഷേകമകതാരിനു രണ്ടുപേൎക്കും.

12

വീട്ടിന്നു വൈദ്യുതവിളക്കവ,നെന്നുവേണ്ടാ
നാട്ടാൎക്കുദിച്ചുവിലസുന്നൊരു ബാലചന്ദ്രൻ
ശ്രേഷ്ഠത്വമാൎന്നൊരു കുലത്തിനു ദിവ്യരത്ന-
പ്പൊട്ടാണു വത്സലതയേറിടുമക്കിശോരൻ.

13

താതന്റെ കണ്ണിനകതാരിനുമൊന്നുപോലെ
ശീതോപചാരമരുളും പനിനീരുബാലൻ
മാതാവിനോ, മഹിമയാൎന്നു വിളങ്ങി മാറിൽ
ചേതസ്സുഖത്തെയരുളുന്ന മണിപ്പതക്കം.

14

കൈവല്യനാഥനകതാരുതെളിഞ്ഞു തന്ന
ദിവ്യത്വമാൎന്ന മണിയെന്നു നിനച്ചു നിത്യം
ആ വന്ദ്യനാം ജനകനും ജനയിത്രിതാനു-
മാവുംവിധം പരിചരിച്ചവനെ വളൎത്തി.

15

തിങ്കൾക്കലയ്ക്കുഴലണപ്പൊരു പൂവൽമെയ്യും
പങ്കംപെടാത്ത മനതാരുമൊരേതരത്തിൽ
തങ്കും വിശുദ്ധിയൊടുതന്നെ വളൎന്നുവന്നു
തങ്കം പരം സുരഭിയായ് വിലസുംവിധത്തിൽ.

16

തൂമന്ദഹാസ നവചന്ദ്രികതൂകി നല്ല
പൂമൊട്ടുപോൽ രദനപങ്ക്തി വെളിക്കുകാട്ടി
ആ മുഗ്ദ്ധമായ ചെറുഗാത്രമിളക്കിയാട്ടി-
ക്കാമംതകത്തു വിഹരിച്ചുതുടങ്ങി ബാലൻ.

17

അഞ്ചാതെയോടി ജനകന്റെയടുക്കലെത്തി-
"പ്പുഞ്ചാരയുമ്മ"യൊരു നൂറു മുഖത്തണച്ച്
കൊഞ്ചിക്കുഴഞ്ഞു ധവളാഭകലൎന്ന മീശ-
പിഞ്ചാം കരങ്ങളിലണച്ചവനോമനിക്കും.

18

മെല്ലെക്കുനിഞ്ഞു ചെറുതാം മുഖപങ്കജത്തെ-
ക്കല്യാണഗാത്രനതിനുള്ളിൽ മറച്ചുകൊണ്ട്
മല്ലാക്ഷിയാം ജനനിയെത്തുണയായ് വിളിച്ച്
സോല്ലാസമൊന്നവനൊളിച്ചുകളിക്കുമല്പം.

19

പാകപ്പുരയ്ക്കകമണഞ്ഞു തനിക്കു പാലു
പാകപ്പെടുത്തുമൊരു വൃദ്ധജനിത്രി തന്റെ
വാർകോലുമാ മിഴികൾ പൊത്തിടുമെന്നുവേണ്ടാ
വാർകൂന്തലും കഴിയുമെങ്കിലഴിച്ചുലയ്ക്കും.

20

കാച്ചിക്കുറുക്കി മധുരംകലരുന്ന പാലും
മെച്ചംകലൎന്ന പലഹാരവുമോമനയ്ക്കു്
ഇച്ഛയ്ക്കുചേൎന്നപടിയമ്മ കൊടുത്തിടുമ്പോൾ
വച്ചീടുമമ്മയുടെവായിലുമക്കിശോരൻ.

21

ആരോമലുണ്ണിയെയുറക്കുവതിന്നുവേണ്ടി-
ത്താരാട്ടുപാടിയവളങ്ങുകിടത്തിടുമ്പോൾ
സ്വൈരം ജനിത്രിയെയുറക്കുവതിന്നു ബാലൻ
പാരം വിനോദമൃദുഗീതകളാലപിക്കും.

22

വാത്സല്യമേറുമജപോതഗണത്തെയെല്ലാ-
മുത്സംഗസീമനി പിടിച്ചുകിടത്തി മോദാൽ
വത്സൻ മനോഹരവിഭൂഷകളും ധരിപ്പി-
ച്ചുത്സാഹമാൎന്നവയൊടൊത്തഥ കേളിയാടും.

23

തൂവെണ്ണിലാവുപൊഴിയും നിശയിങ്കലെല്ലാം
രാവിന്നധീശ്വരനെയുണ്ണി വിളിച്ചുനോക്കും
ആവുംവിധം മധുരമേറിയ സാമവാക്യ-
മാവൻപനോട്ടു പറയും ഫലമേതുമെന്യേ.

24

വാരിക്കളിപ്പതിനു കാന്തികലൎന്ന നല്ല
താരങ്ങളെത്തളികയിൽത്തിറമായ് നിറച്ചു്
ചാരത്തുവച്ചുതരുവാനൊരു കൂസലെന്യേ
പാരം പിതാവിനെയലട്ടിയടുത്തുകൂടും.

25

ഉത്തുംഗകാന്തികലരുന്നൊരു പഞ്ജരത്തിൽ
ചിത്തംതെളിഞ്ഞു മൃദുഗാനവുമാലപിച്ചു്
പാൎത്തീടുമാ നയനമോഹനയായ നല്ല
തത്തമ്മയോടു കളിയാടിടുമൊട്ടുനേരം.

26

ചേലേറിടുന്ന പല വൎണ്ണമനോജ്ഞപക്ഷം
ചാലേയിളക്കി വെയിലത്തു പറന്നിടുന്ന
ശ്രീലപ്രഭാലസിതമാം ശലഭങ്ങളേയും
ലീലയ്ക്കു കൂട്ടിനു പഌക്കെ വിളിച്ചുനോക്കും.

27

മാതാപിതാക്കളവരൊത്തു ജപിച്ചിടുമ്പോൾ
ജാതാദരം സുതനവൎക്കിടയിൽക്കടന്നു്
സ്വാതന്ത്ര്യലീലകളടക്കിയടുത്തിരുന്നി-
ട്ടേതാനുമാമൊഴികളൊക്കെയുരച്ചുനോക്കും.

28

ദുശ്ശാഠ്യമെന്നതവനില്ല, കരച്ചിലില്ല,
ദുശ്ശീലരാം സഖികളോടിടപാടുമില്ല
വിശ്വത്തിലുള്ള വഷളത്തരമൊന്നുമേതും
സ്പൎശിച്ചിടാതെ യിസഹാക്കു വളൎന്നിതേവം.

29

ഓരോദിനത്തിലുമഹോ ശശിലേഖയെപ്പോ-
ലാരോമലുണ്ണി വളരുന്നൊരു കാഴ്ച കണ്ടു്
പാരം കൃതാൎത്ഥതകലൎന്നു വസിച്ചിരുന്നു
പൂരിച്ച പുണ്യനിധി താതനുമമ്മതാനും.

30

ഉണ്ണിക്കു വേണ്ട പരിചൎയ്യകൾ ചെയ്യുവാനും
പുണ്യത്തിനൊത്ത ദിനചൎയ്യ നടത്തുവാനും
വൎണ്ണിപ്പതല്ലവരിലുള്ളഭിവാഞ്ഛയേതും
മണ്ണാശതൊട്ടതവരേ നിഴലിച്ചുമില്ല.

31

ചെല്ലക്കിടാവു ലളിതാകൃതിപൂണ്ട ബാലൻ
ബാല്യം കഴിഞ്ഞഥ കുമാരവയസ്സിലെത്തി
എല്ലാഗ്ഗുണങ്ങളുമിണങ്ങി വിളങ്ങിയേററ-
മുല്ലാസമച്ചെറുകുടുംബമതിന്നു ചേൎത്തു.

32

കാലസ്ഥിതിക്കനുസരിച്ചൊരു വിദ്യയെല്ലാം
മാലേശിടാതെയവനങ്ങു ഹൃദിസ്ഥമാക്കി
ആലസ്യലേശമിയലാതെ പിതാക്കളേയും
ജോലിത്തിരക്കിലതിമോദമൊടേ തുണച്ചു.

33

“ഏതും കളങ്കമിയലാത്തൊരു സൽസ്വഭാവം,
ചേതസ്സുഖത്തെയരുളും തനുസൌകുമാൎയ്യം,
ആതങ്കലേശമിയലാത്തൊരു ധീപ്രഭാവം,
മാതാപിതാക്കളൊടു ഭക്തിയവൎണ്ണനീയം.

34

സൎവ്വേശഭക്തിയതുലം ബഹു കീൎത്തനീയം,
സൎവ്വംസഹത്വമരിയ ഭൂഷണമിക്കുമാരൻ
ഏവം വിശിഷ്ടതരമായൊരപത്യലാഭം
ദൈവേച്ഛയാ സുകൃതികൾക്കു ലഭിപ്പതത്രേ.”

35

എന്നീവിധം സ്തുതിവചസ്സുകൾ ലോകരെല്ലാ-
മന്നാക്കുമാരനുടെ പേരിലുരച്ചിരുന്നു.
നന്നായിരിക്കുമൊരു വസ്തുവതിൻ്റെ പേരിൽ
വന്നീടുമാക്കുമൊരു കൌതുകമില്ലവാദം.(വിശേഷകം)

36

ലോകത്തിലുള്ള ചെറുകുട്ടികളാകമാനം
പാകത്തിലിച്ചെറുകുമാരനു തുല്യരായാൽ
ശോകങ്ങളൊക്കെയുമകന്നു വിളംബമെന്യേ
നാകത്തിനൊത്തവിധമായ് ക്ഷമയും ധരിത്രി.

37

വല്ലാത്തമക്കളൊരു നൂറു ജനിപ്പതേക്കാ-
ളെല്ലാഗ്ഗുണങ്ങളുമിണങ്ങിയ പുത്രനേകൻ
കില്ലേതുമെന്നിയെ പിതാക്കളെയുൾപ്രമോദ-
ക്കല്ലോലമാലയണിയിച്ചതിധന്യരാക്കും.

38

ഓരോദിനങ്ങളുമഥ മാസവുമാണ്ടുമെല്ലാം
ചാരത്തണഞ്ഞു ജവമങ്ങു കടന്നുപോയി
ആരോമലുണ്ണി സുകൃതാംബുധിയക്കുമാരൻ
നേരേവളന്നു നവയൌവനയുക്തനായി.

39

ആകാശദേശമതിലങ്ങു ഗമിച്ചിടുന്ന-
രാകാശശാങ്കനവനുച്ചയിലെത്തിടുമ്പോൾ
ലോകാധിവാസികളകത്തെളിവാർന്നിടുമ്പോ-
ലാകെത്തെളിഞ്ഞഖിലസജ്ജനലോകമപ്പോൾ.

DEFINITORY No........ LIBRARY.

40

"താരാവലിക്കു സമമായൊരു സംഖ്യയെന്യേ
പാരാകവേ പെരുകു"മെന്നു വരംലഭിച്ചു
നേരായസന്തതി കുലദ്രുമതല്ലജത്തിൻ
നാരായവേരു സുതനെന്നു നിനച്ചു താതൻ.

41

പൂർവ്വികപുണ്യമതു മൂർത്തിധരിച്ചു മോദാ-
ലുർവ്വീതലത്തിലൊരു മാനുഷനായ് ജനിച്ചു്
നിർവ്വാണമാർഗ്ഗമവനിക്കു തെളിച്ചിടുന്ന
സർവ്വജ്ഞനെന്നവനെയോർത്തിതു മിത്രലോകം.

42

കാണുന്നകണ്ണിനു,മവന്റെ വിശിഷ്ടമായ
വാണീവിലാസമതു കേൾപ്പൊരു കാതുകൾക്കും
കാണിക്ഷണം സഹവസിപ്പൊരു മാനുഷർക്കും
ക്ഷോണീനിവാസമതിനാൽ സഫലീഭവിക്കും.

43

എല്ലാം ശുഭസ്ഥിതിയിലേവമിരുന്നിടുമ്പോൾ
വല്ലായ്മയൊന്നഥ പൊടുന്നനെ വന്നുകൂടി
കല്യാണകാന്തിചൊരിയുന്ന സുധാംശുപോലും
തെല്ലും കളങ്കമിയലാതെ ലസിപ്പതുണ്ടോ?

44

ഈശപ്രസാദമതിനുത്തമകേളിഭൂവായ്
നാശങ്ങളൊന്നുമരികത്തണയാത്തതായി
അശാസ്യമാം നില വഹിപ്പൊരു വീട്ടിനുള്ളി-
ലാശാഭംഗമതിനെന്തൊരുബന്ധമോർത്താൽ!

45

ഏതാകിലും വിധി വിധിച്ചതിനൊക്കെ മൎത്ത്യൻ
ജാതാദരം തല കുനിക്കുകതന്നെവേണം
ഏതും വരേണ്ടതു ശരിക്കു വരും, തടസ്സം
ചെയ്തീടിലും വഴിയിലായതു തങ്ങുകില്ല.

46

കൃത്യപ്പടിക്കൊരു ദിനം ദിനചൎയ്യയെല്ലാം
തീൎത്തിട്ടുറക്കമുറിയിൽ സമയത്തിനെത്തി
പ്രാൎത്ഥിച്ചു ദേവപദയുഗ്മമകക്കുരുന്നിൽ
ചേൎത്തിട്ടു തല്പമതിലങ്ങു കിടന്നു വൃദ്ധൻ.

47

ഓരോ വിനാഴിക മുറയ്ക്കു ഗമിച്ചു മുന്നോ-
ട്ടാരാത്രി മദ്ധ്യദശയോടു സമീപമെത്തി
ഘോരാന്ധകാരപടലത്തിനകത്തൊതുങ്ങി
പ്പാരാകെ നല്ല സുഖനിദ്രയിലാണ്ടിതപ്പോൾ.

48

സൎവ്വത്ര നിശ്ചലത, നിസ്തുലമൗനഭാവം
നിൎവ്വിഘ്നമങ്ങിനെ നിറഞ്ഞു പരന്നിടുമ്പോൾ
"അബ്രാഹമേയുണരുകെ"ന്നൊരു ശാന്തശബ്ദ-
മബ്രാഹമിന്റെ ചെവിയിൽത്തരസാ പതിച്ചു.

49

ആരാണിതെന്നൊരു പരിഭ്രമമുള്ളിലുണ്ടായ്,
നേരേ തുറന്നു ജരഠൻ നയനങ്ങൾ രണ്ടും
പാരം പ്രകാശമിയലുന്നൊരു മേഘമല്പം
ദൂരത്തിലായി വിലസുന്നതു കണ്ടു വന്ദ്യൻ.

50

"കാണുന്നകാഴ്ചയിതു വാസ്തവമോ കിനാവോ?
ചേണാൎന്നമേഘമിതിലുള്ള രഹസ്യമെന്തോ!
താണാലുമിത്തനില തെററിയധഃപതിച്ചു
കാണാവതല്ല ജലദങ്ങളെയീവിധത്തിൽ.

51

ഏതാണൊരത്ഭുതമഹത്തരദിവ്യവിദ്യാ-
ചൈതന്യമുണ്ടിതിനകത്തതിനില്ലവാദം
ഏതാകിലും പരമപാവനശക്തിയേ ഞാ-
നേതും വിളംബമണയാതെനമിച്ചിടട്ടെ!"

52

ഇത്ഥം നിനച്ചു സുകൃതാംബുധി ഭക്തരത്ന-
മുത്താനശായികൃതികൊണ്ടെഴുന്നേല്ക്കുവാനായ്,
അത്യത്ഭുതം! ചലനശക്തി നശിച്ചഭാവം
പ്രത്യക്ഷമാക്കി ജഡ, മേതുമനങ്ങിയില്ല.

53

വെള്ളപ്പളുങ്കൊളിയെഴും നവനീരദത്തി-
നുള്ളിൽകളിച്ചു വിലസുന്നൊരു ദിവ്യശക്തി
ഉള്ളം കുളുൎക്കുമൊരു ശാന്തമൃദുസ്വരത്തിൽ
ഭള്ളററധാൎമ്മികനെയൊന്നു വിളിച്ചു വീണ്ടും.

54

ദൈവം വിളിച്ച വിളിയെന്നുടനേയറിഞ്ഞി-
ട്ടാവന്ദ്യനോതി മറുവാക്കതിനീവിധത്തിൽ:—
"സൎവ്വേശ്വരാ! തവ പദാംബുജദാസനീ ഞാൻ,
സൎവ്വത്തിലും തവ ഹിതത്തിനു ഞാൻ വിധേയൻ.

55

എന്താണു വേണ്ടതിഹ? കല്പന തന്നിടേണം
സന്തുഷ്ടിപൂർവ്വമുടനേയതു നിർവ്വഹിക്കാം.
എന്താകിലും ഭവദനുഗ്രഹമൊന്നുമാത്രം
ചിന്തീടുകെൻെറ തലയിൽ കരുണാഗുണാബ്ധേ!

56

"എൻപാദഭക്തജനതയ്ക്കവതംസമാം നീ
നിൻപുത്രനാകുമിസഹാക്കിനെ*മോറിയായിൽ
കമ്പം വിനാ ബലിയണച്ചതിനാലെനിക്കു
സമ്പൂർണ്ണമോദമുളവാക്കുക വേണ്ടമട്ടിൽ."

57

ഇത്ഥംപടിച്ചരവിനാഴിക നിന്നിടാതെ
പ്രത്യക്ഷമായ നവനീരദമങ്ങുയർന്നു
നേത്രങ്ങളെത്തുമകലംവരെ, നിർന്നിമേഷം
ശ്രദ്ധിച്ചു നോക്കിയതിനേ ജഗദീശഭക്തൻ.

58

എന്തോരുവാർത്ത! മറുവാക്കവനെന്തുരയ്ക്കും?
സന്താപമേതുവിധമുള്ളിലൊതുക്കിവയ്ക്കും?
ചെന്തീയുലയ്ക്കുടിയിലിട്ടവനേയൊരുത്തൻ
ബന്ധിച്ചമട്ടവനു താപമസഹ്യമായി.

59

"ആരോടിതൊന്നു പറയേണ്ടതു, സാന്ത്വനങ്ങ-
ളാരോതിടുന്നിവനുതെല്ലു സമാശ്വസിപ്പാൻ!
കൂറേറിടുന്ന സുതനോടിതു ചൊന്നിടാമോ?
സാറാമ്മ സാധുവബലയ്ക്കിതു സഹ്യമാമോ?

---

* മോറിയാ എന്ന മല സെഹിയോൻെറ ഒരു ശിഖരമാണു്; ആ പ്രദേശത്തിനും മോറിയാ എന്നു പേരുണ്ടു്.

60

മിത്രങ്ങളീവിവരമിന്നറിയുന്നതാകിൽ
പുത്രൻെറ മേലമിതപക്ഷമിരിക്കമൂലം
ശത്രുക്കളായിവരുമീ ക്രിയചെയ്യതിങ്ക-
ലത്രയ്യമീശവിധിയോടെതിരിട്ടിടാമോ?"

61

ഏവം നിനച്ചു വിധിയേ വെളിവാക്കിടാതെ-
യാവന്ദ്യനായ സുജനാഗ്രണിയന്തരംഗം
വേവുന്നതിന്നിടയിലും തനിയേ സഹിച്ചാൻ
ദൈവേച്ഛയെന്നതു നിനച്ചു സമാശ്വസിച്ചാൻ.

62

തത്തിത്തിളച്ചുയൎന്നൊരു വെള്ളമടച്ചുവച്ചാൽ
പാത്രം തകർത്തു പുറമേയൊഴുകുംവിധത്തിൽ
മെത്തിത്തുടങ്ങി ചില ചിന്തകളുള്ളിലപ്പോൾ
മൎത്ത്യസ്വഭാവമതു മാനുഷനുള്ളതല്ലോ.

63

"കാരുണ്യവാരിധിയനാദിപിതാവു, സാക്ഷാ-
ലാരോടുമല്പമൊരു ദുഷ്ടത ചെയ്തിടാത്തോൻ
തീരാത്തദുഃഖമിവനിങ്ങു വരുത്തിവയ്പാൻ
ചേരുന്നൊരീ വിധി വിധിച്ചതു വിസ്മയംതാൻ.

64

സന്താനമൊന്നു ലഭിയാതെയിരുന്നകാലം
സന്താപമുള്ളിലുളവായതസഹ്യമെന്നായ്
ചിന്തിച്ചു ഞാനിവിടെയിപ്പൊഴുതായവസ്ഥ
സന്തോഷമെന്നു കരുതുന്നിതു സത്യമായി.

65

കോടീശ്വരസ്ഥിതിയിൽനിന്നുമധഃപതിച്ചു
നാടാകെ ഭിക്ഷയുമിരന്നു നടന്നിടുന്നോൻ
വീട്ടും ധനസ്ഥിതിയുമറെറാരു യാചകൻെറ
കേട്ടററ നല്ലൊരു മനസ്സുഖമാസ്വദിക്കാ.

66

ഹാ ദൈവമേ! കൊടിയദുർവ്വിധിയീവിധത്തിൽ
ദേഹംവിനാ വരണമെങ്കിലുമെൻെറകൈയാൽ
ഈ ദുഷ്ടകൃത്യമതു ചെയ്യണമെന്നതുണ്ടോ?
പാദാദികേശമൊരുപോൽ തളരുന്നു ദേഹം.

67

താൻ നട്ടതായ വിഷവൃക്ഷമതിന്നുപോലും
സന്ദേഹമറെറാരുവനായുധമോങ്ങുകില്ല.
ചെന്നായുമാത്മശിശുവേ ദയവേതുമെന്യേ
കൊന്നീടുകില്ലതിലുമെൻെറയവസ്ഥ കഷ്ടം!

68

കൂറോട്ടു വത്സനുടെ കോമളഗാത്രമെൻെറ
മാറോടുചേർത്തു തഴുകുമ്പൊഴുമെൻകരങ്ങൾ
ആരോമനയ്ക്കധികവേദനചേക്കമെന്നു
പാരം ഭയന്നു പിടി ശീഘ്രമയച്ചിടും ഞാൻ.

69

സർവ്വേശ്വരാ! പറവതെന്തിനിയെൻെറ കൈയാൽ
നിർവ്വാണമായവനു ചേരുകവേണമെന്നോ?
ദുർവ്വാരദുർവ്വിധിയിതിൽപ്പരമെന്തു പാർത്താ-
ലുർവ്വീതലത്തിലൊരു മർത്ത്യനു സംഭവ്യവി.

70

ഹാ കഷ്ടമേ! കരളെരിഞ്ഞു ദഹിച്ചിടുന്ന
ശോകാഗ്നിതന്നിലതിനെന്തു നിവൃത്തിമാർഗ്ഗം!
ലോകത്തിലും നരകജീവിതമെന്നുവന്നോ?
നാകാധിനാഥ! തുണ നീ ദയനീയബന്ധോ!"

71

ചിന്താഗതിക്കിവിടെയല്പവിരാമമിട്ടു
വെന്തീട്ടുമുള്ളൊട്ടു കിടന്നൊരു മാത്രനേരം
സന്താപഭാരമകലെക്കളയേണ്ടതിന്നോ
സ്വാന്തം തകർന്നിടറിയൊന്നഥ നിശ്വസിച്ചു.

72

യാമങ്ങളും സപദി മൂന്നുകഴിഞ്ഞു നാലാം
യാമത്തിലെത്തി നിശ, നിസ്തുലഭക്തരത്നം
ക്ഷേമാസ്പദം പരമദൈവഹിതം നടത്താ-
നാമോദപൂർവ്വമെഴുന്നേററു മടിച്ചിടാതെ.

73

മുമ്പോട്ടുനീങ്ങുവതിനായ് പണിപെട്ടിടുമ്പോൾ
തൻപാദയുഗ്മമിടറിക്കുഴയുന്നുപാരം
തൻപുത്രനേ ബലികഴിപ്പൊരു കാര്യമല്ലേ?
വൻപൻെറ ഹൃത്തുമിവിടെത്തകരുന്നതില്ലേ?

74

പാരം ശ്രമിച്ചൊരുവിധം സുതനോടടുത്തു
സൈ്വരംശയിച്ചു സുഖനിദ്രയിലാണ്ടിരുന്ന
പൂരിച്ചപുണ്യനിധി തൻെറ മുഖത്തുനോക്കി
ധൈര്യം വെടിഞ്ഞവിടെ നിന്നു കുറച്ചുനേരം.

75

മന്ദസ്മിതപ്രഭചൊരിഞ്ഞിടുമാമുഖാബ്ജം,
നന്നായ് തടിച്ചൊരു ഭുജങ്ങൾ, വിരിഞ്ഞമാറും
ഒന്നോടുമറ്റെതിടയുന്നൊരു നീണ്ടകൈകൾ,
ഒന്നാകെനോക്കി നയനങ്ങൾ നിറഞ്ഞു ശീഘ്രം.

76

"എൻപുത്രനേകനിവനെൻപ്രിയ കണ്ണിലുണ്ണി,
സമ്പൂർണ്ണസൽഗുണപയോധി, കുടുംബദീപം
അൻപുററ നല്ല സുഭഗാംഗ, നവർണ്ണനീയൻ
സമ്പത്തിലേക്ക വിലയേറിയ ദിവ്യരത്നം.

77

പത്മായതാക്ഷി ജനനിക്കിവനോർത്തിടുമ്പോ-
ളാത്മാവുതന്നെ,യിവനെപ്പിരിയുന്നതാകിൽ
പില്പാട്ടു ജീവനരമാത്രയുമാജ്ജഡത്തിൽ
നില്പാനസാദ്ധ്യമുടനേ ത്രിദിവം ഗമിക്കും.

78

എന്നല്ല സന്തതിപരമ്പരയാലെ ലോകം
നന്നായ് നിറയ്ക്കുവതിനീശനനുഗ്രഹിച്ചു
തന്നോരു ദിവ്യകുലതന്തുവിവൻ നശിച്ചാൽ
വന്നീടുമാസ്ഥിതി ധരയ്ക്കു സഹിപ്പതാമോ?

79

നാശം ജഗത്തിനിവനിന്നു വരുത്തിടാമോ?
ഈശന്റെ കല്പനമറുത്തു ചരിച്ചിടാമോ?
ക്ലേശാംബുധിക്കടിയിലാണ്ടിഹ കൃത്യബോധം
ലേശം വിനാ മരുവിടുന്നിവനന്ധനെപ്പോൾ.

80

അല്ലെങ്കിലെന്തിനു വിശങ്ക, ജഗന്നിയന്താ,
വെല്ലാമറിഞ്ഞുലകമാകെ നിറഞ്ഞിരിപ്പോൻ
തെല്ലും കുഴപ്പമിയലാതഖിലാണ്ഡഭാരം
കില്ലേതുമെന്നിയെ വഹിച്ചുവരുന്നു നിത്യം.

81

എല്ലാം വരുന്നതുകണക്കുവരട്ടെ, പുത്രൻ
പുല്ലാണു, ദൈവഹിതമിപ്പൊളെനിക്കു കാമ്യം!
കൊല്ലാനുമായതു കഴിഞ്ഞുയിരേകിടാനും
കല്യാണസിന്ധു കരുണാംബുധിശക്തനല്ലോ.

82

വേണ്ടാത്തതൊക്കെ ജഗദീശനു പൂജചെയ്താ-
ലുണ്ടാകയില്ലതിനു സൽഫലമേതൊരാൾക്കും
പണ്ടാദിതാതനുടെ മൂത്തമകന്റെ പൂജ
കൊണ്ടീശകോപമുളവായതു സുപ്രസിദ്ധം.

83

ജീവാധികപ്രിയതയാർന്നൊരു പുത്രനെത്താൻ
ദൈവത്തിനായി ബലിചെയ്യുകവേണമിപ്പോൾ
ഏവം മഹത്വമിയലുന്നൊരു പൂജയാലേ
ഭൂവിൽപ്പിറന്നവരിലിന്നതിധന്യനാം ഞാൻ.

84

വേണ്ടാവിളംബമിനിയേതു"മിദം നിനച്ചി-
ട്ടുണ്ടായ ഖേദമല്ലവേയകലെത്യജിച്ചു
നീണ്ടോരു കൈയുടനിളക്കിയുയർത്തിനേത്രം
രണ്ടും തുടച്ചുടനെ കുക്കുടമൊന്നു കൂവി.

85

പെട്ടെന്നു കണ്ണുകൾ തുറന്നിസഹാ,ക്കവൻെറ
നോട്ടം ശരിക്കു ജനകൻെറ മുഖത്തുതന്നേ
പെട്ടോരുനേരമൊരു തെല്ലു പരിഭ്രമത്താൽ
ഞെട്ടുന്നഭാവമതുകണ്ടെഴുന്നേററു ശീഘ്രം.

86

എന്താണു താതനെതിരേയിഹ വന്നതെന്നു
ചിന്തിച്ചു ഭക്തിഭയവിസ്മയയുക്തനായി
വന്ദിച്ചു താതപദയുഗ്മമതിൻെറ ശേഷം
നിന്നാനടുത്തുതലതാഴ്ത്തി വിനീതനായി.

87

"വത്സാ! നമുക്കൊരു ബലിക്കു പുറപ്പെടേണ-
മുത്സാഹമോടതിനൊരുക്കുക വേണ്ടതെല്ലാം,
നിസ്സാരസംഗതിയിതല്ലതിരാവിലേ താൻ
നിസ്സംശയം വസതിവിട്ടകലേണ്ടതത്രേ.

88

അട്ടിൻകിടാവതു നമുക്കവിടത്തിലൊന്നു
കാട്ടിത്തരും കരുണയേറിയ സർവ്വശക്തൻ
വെട്ടീടുവാൻ നിശിതഖഡ്ഗവുമിന്ധനത്തിൻ-
കെട്ടും വിശുദ്ധിയെഴുമഗ്നിയുമോർമ്മവേണം.

89

ഒട്ടേറെയുണ്ടകലമാമലയിങ്കലെത്താൻ
കഷ്ടപ്പെടും ചുമടു നാം തനിയേ വഹിച്ചാൽ
കൂട്ടീടണം കഴുതയേയുമതിൻപുറത്ത-
ങ്ങിട്ടീടണം സപദി ജീനിതുടങ്ങിയെല്ലാം.

90

വീട്ടിൽത്തിരിച്ചുവരുവാനൊരുവാരകാല-
മൊട്ടും കുറഞ്ഞിടുകയില്ലതുനാൾവരെയ്ക്കും
മുട്ടാതശിപ്പതിനു ഭക്ഷ്യപദാർത്ഥമൊന്നും
കിട്ടാവഴിക്കതുമെടുത്തു തയാറുചെയ്ക.

91

വിശ്വസ്തരായ പരിചാരകർ രണ്ടുപേരേ
പാർശ്വത്തിലാക്കിടുക നമ്മുടെ പിൻതുണയ്ക്കു്
വിശ്വൈകനാഥനുടെ കല്പനയാണു കുഞ്ഞേ!
നാശം വരും ചെറുതുകാലവിളംബമായാൽ."

92

ഏവംപറഞ്ഞു വിരമിച്ചു വയോധികൻ; "ഞാ-
നാവുന്നമട്ടധികവേഗതയോടിതെല്ലാം
ചെയ്യാ"മിതം സുതനുരച്ചതി ഭക്തിപൂർവ്വ-
മാവന്ദ്യതാതനെ നമിച്ചുതിരിച്ചു ശീഘ്രം.

93

മർത്ത്യസ്വഭാവമതിനേതുമടുത്തിടാത്ത
കൃത്യം നടത്തിടുവതിന്നുതിയായ ധൈര്യം
സത്യസ്വരൂപനരുളേണ്ടതിനായി വൃദ്ധൻ
പ്രാർത്ഥിച്ചുകൊണ്ടു നിമിഷങ്ങൾ കഴിച്ചുകൂട്ടി.

94

എല്ലാമൊരുക്കിയിസഹാക്കരികത്തണഞ്ഞു,
ചൊല്ലാന്ന ഭക്തമുടിമുത്തഴനേറു ശീഘ്രം
നല്ലാർജനങ്ങളണിയും മണിയായ സാറാ-
യല്ലാസപൂർവ്വമവരേയഥ യാത്രയാക്കി.

95

തൻകണ്മണിക്കു സമനായൊരു പുത്രനോടും
ശങ്കിച്ചിടാതെ കഴുതപ്പുറമേറി വൃദ്ധൻ
പങ്കംപെടാത്തൊരു ബലിക്കു തിരിച്ചു ശീഘ്രം
തൽകാര്യചിന്തസുജനങ്ങളിലില്ലതെല്ലും.

96

സൂര്യോദയത്തിനിനിയില്ലവിളംബമെന്നു
മര്യാദയോടവരെയൊന്നറിയിപ്പതിന്നായ്
അര്യാശയതചമിയലുന്നൊരു ദൂതനെപ്പോൽ
സ്ഫാരാഭയോടു പെരുമീനുമുദിച്ചുയന്നു.

97

ചിന്നിത്തുടങ്ങിയൊരു മഞ്ഞിയ ദീപ്തിപൂരം
മന്നിൽപ്പുതുക്കെ,യഴകേറിയ പൂർവ്വദിക്കാം
യന്യൃതചമാന്ന വധുവിൻെറ മുഖത്തുനിന്നും;
മിന്നാമിനുങ്ങുകളൊളിച്ചു തുടങ്ങിയപ്പോൾ.

98

മഞ്ഞിത്തുടങ്ങി കുമുദങ്ങൾ സരസ്സിലെങ്ങും
പൊങ്ങിത്തുടങ്ങി കളനിസ്വനമംബരത്തിൽ
ഭംഗംവെടിഞ്ഞിതൾ വിരിച്ചുതുടങ്ങി പത്മം
ഭൃംഗാളിയും ചുഴലമണ്ടു പറന്നു മന്ദം.

99

തൂകിത്തുടങ്ങി ചെറുപുഞ്ചിരികോരകങ്ങൾ
കൂകിത്തുടങ്ങി കളകണ്ഠകുലം തെളിഞ്ഞു,
കോകങ്ങളും വിരഹതാപമകന്നു കൂട്ടിൽ
പാകത്തിനെത്തിയിണയോടൊരുമിച്ചുചേന്നു.

100

പൂൎവ്വാധികപ്രഭകലൎന്നുതുടങ്ങിയപ്പോൾ
പൂൎവ്വാശയാംകമനിതന്റെ മുഖാംബുജത്തിൽ
സൎവ്വംസഹയ്ക്കു ജലബാധയൊഴിഞ്ഞു മന്ദം
സൎവ്വേശ്വരന്റെ പരിപാലനചിത്രമല്ലോ.

101

ഉന്മുക്തകാന്തികലരും ചെറുതാരകങ്ങൾ
മന്നിൽപ്പതിച്ചു വിലസുന്നതുപോലെതന്നേ
മിന്നിത്തുടങ്ങിയഴകാൎന്ന തുഷാരബിന്ദു
സന്ധ്യാഭചേൎന്ന ചെറുതാം തൃണപങ്ക്തിതോറും.

102

കൂറേറിടുന്ന സുതനോടൊരു വാരകാലം
വേറായ്‌വസിപ്പതിനു സംഗതിയാകയാലേ
സാറാമ്മയാളിലുളവായൊരു താപമെല്ലാ-
മാറേണ്ടതിന്നു കുളിൎകാററവിടത്തിലെത്തി.

103

പൊന്നോമനത്തനയനേ ബലിചെയ്വതിന്നായ്
തന്നോടുചേൎത്തു നടകൊണ്ടിടുമപ്പുമാന്റെ
സന്നദ്ധതയ്ക്കൊരഭിനന്ദനമെന്ന മട്ടിൽ-
ത്തന്നേ കുലുക്കി തല ശാഖികുലങ്ങളപ്പോൾ.

104

എന്നല്ല നല്ല കുസുമാവലിമോദമോടേ
വന്ദ്യന്റെ പാതകളിലങ്ങു പൊഴിച്ചുകൊണ്ടു്
"നന്നായ്‌വരട്ടെയഖിലം ശുഭമായ്‌വരട്ടെ-"
ന്നൊന്നാകെയോതിയവസംശയമേതുമെന്യേ.

105

വീട്ടം വിശിഷ്ടതരമാമയൽദേശവും തൻ
നാട്ടം വെടിഞ്ഞു മഴിയെന്നതറിഞ്ഞിടാതെ
ഓടിത്തുടങ്ങി യജമാനഹിതത്തിനൊത്തു
സാദോപമക്കഴുത; ഭൃത്യരുമാവിധത്തിൽ.

106

പാടം, പറമ്പു, വിമലപ്രകൃതിപ്രഭാവം
കൂട്ടുന്ന താഴ്വരകൾ, പുൽത്തകിടിപ്രദേശം
മേട്ടും കിടങ്ങുമിടനാട്ടുകളെന്നുവേണ്ടാ
കാട്ടുംനിരത്തുമൊരുപോലവർ പിന്നിലാക്കി.

107

മേയുന്ന കാലികൾ, കുതിച്ചിളകിക്കളിച്ചു
പായുന്ന നല്ല ചൊടിയോട്ട പശുക്കിടാക്കൾ,
വായുംപരംതിറമൊടേ വയറും നിറച്ചി-
ട്ടായാസമററജഗണം വിഹരിച്ചിടുന്നു.

108

സാഹിത്യഗന്ധമിയലാത്തൊരു പാട്ടുപാടി
ദാഹത്തിനുററുകളിലേ ജലവും കുടിച്ചു
ദേഹം ശരിക്കു മറയാത്തൊരുടുപ്പുമായി-
ട്ടാഹ്ലാദമോട്ട പശുപാലർ നടന്നിടുന്നു.

109

പാടുന്നു പക്ഷികളിരുന്നു മരങ്ങൾതോറും
ചാടിക്കളിച്ചുമരുവുന്നിതുവാനരങ്ങൾ.
ആടുന്നു കേകികൾ മനോഹരമായ പീലി
പാടേ വിരിച്ചിതരചിന്തകളേതുമെന്ന്യേ.

110

കുന്നിൻെറ താഴ്വരകൾ വിട്ടു കുതിച്ചുപാഞ്ഞി-
ട്ടൊന്നാന്തരം വിമലമാംജലവും വഹിച്ച്
വന്നെത്തിടുന്ന ചെറുചോലകളന്തികത്തിൽ
ചെന്നെത്തിടുന്ന പഥികക്കഴലാററിടുന്നു.

111

കാണുന്നൊരാസഹൃദയക്കകതാരശേഷം
പ്രീണിക്കുമാറു തുലയററൊരു കാഴ്ചയെല്ലാം
കാണാതെതന്നെയവരങ്ങു കടന്നുപോയി;
കാണിക്കുമില്ലതിലൊരത്ഭുതമോർത്തുകണ്ടാൽ.

112

മൂന്നാംദിനത്തിലവരാസെഹിയോൻപ്രദേശേ
ചെന്നെത്തി ദൈവമറിയിച്ച മലയ്ക്കടുത്തു
സന്ദേഹമററുമല നോക്കിയറിഞ്ഞു വൃദ്ധൻ
ചൊന്നാനനന്തരമിദംനിജ ഭൃത്യരോടായ്.

113

"ഞാനെൻെറ പുത്രനൊരുമിച്ചൊരു തെല്ലുദൂര-
സ്ഥാനത്തുപോയ് ബലിയണച്ചു വരുംവരേയ്ക്കും
ദൂനതമററിവിടെ നിങ്ങൾ വസിച്ചിടേണം
തീനും ശരിക്കു കഴുതയ്ക്കു കൊടുത്തിടേണം."

114

ഇത്ഥം വദിച്ചു വിറകങ്ങുടനേയെടുത്തു
പുത്രൻെറ തോളിലവനേററി മടിച്ചിടാതെ
കത്തുന്ന തീ, നിശിതഖൾഗവുമേന്തി കൈയിൽ
സത്തുക്കൾ കാലിണ നമിച്ചിടുമാവിശുദ്ധൻ.

115

ഓർക്കുമ്പോളാവിറക തൻെറ ബലിക്കുവേണ്ടി-
ത്തൽക്കാലമാമലവരെയ്ക്കു വഹിച്ചിരുന്ന
നിഷ്കന്മഷത്വമിയലുന്ന യുവാവു പാർത്താൽ
പില്ക്കാലമാർന്ന മിശിഹായൊടു തുല്യനത്രേ.

116

തൂക്കായ കുന്നു, വഴി ദുർഘട,മായതൊന്നും
നോക്കാതെതന്നെയതിനുച്ചിയിലെത്തിയപ്പോൾ
മുക്കാലുമായി പക,ലെങ്കിലുമാശ്വസിപ്പാൻ
നില്ക്കാതെകണ്ടു ബലിപീഠമുടൻ ചമച്ചു.

117

“ആട്ടിൻകിടാവെവിടെയെന്നതു താതനെന്നെ-
ക്കാട്ടിത്തരാൻ കനിവുദിച്ചിട്ടുമെങ്കിലിപ്പോൾ
ഒട്ടും വിളംബമണയാതതിനെപ്പിടിച്ചു
കെട്ടിത്തരത്തിലിഹ കൊണ്ടുവരുന്നതുണ്ട്.”

118

ഏവംവദിച്ച സുതനോടുരചെയ്തു താതൻ
“ദൈവം ശരിക്കതിനു വേണ്ടതു നോക്കിടുന്നു
നീ വന്നു പീഠമിതിലേറിട്ടുമെങ്കിലിപ്പോൾ
കൈവന്നു ഭാഗ്യമതുതാൻ ജഗദീശചിത്തം.”

119

മായം വിനാ വിശദമായിസ്സഹാക്കിനപ്പോൾ
ചെയ്യേണ്ട പൂജയുടെ മട്ടുമനസ്സിലായി
മെയ്യാകവേ സപദിയൊന്നു വിയർത്തു, കാലും
കൈയ്യും തളർന്നു ജനകൻെറ മുഖത്തു നോക്കി.

120

ജീവച്ഛവത്തിനു സമം നിലകൊണ്ടിടുന്നോ-
രാവന്ദ്യനായ ജനകന്റെയകക്കരുന്നിൽ
താവുന്ന ഖേദഭരമപ്പൊളറിഞ്ഞു പുത്രൻ.
ഭാവം മനുഷ്യഹൃദയത്തെ വെളിപ്പെടുത്തും.

121

കെട്ടിപ്പിടിച്ചു ജനകന്റെയുരസ്സു ചേൎന്നു
കഷ്ടിച്ചു രണ്ടുവചനങ്ങളുരച്ചു പുത്രൻ.
“സൃഷ്ടിച്ചവന്റെ ഹിതമീവിധമെങ്കിലെന്തേ
ശിഷ്ടൻ പിതാവതിനു സംശയമാൎന്നിടുന്നു?”

122

നീറുന്ന ഹൃത്തിനൊരു നല്ലമൃതപ്രവാഹം
മാറത്തൊഴുക്കുമൊരുവത്സനെ വിട്ടകന്നു്
മാറേണ്ടതിന്റെ വിഷമം, ഹൃദയം പറിച്ചു
കീറുന്നമട്ടു ജനകന്നനുഭൂതമായി.

123

ആശ്ലേഷമങ്ങരവിനാഴികയിൽക്കഴിഞ്ഞു
വിശ്ലേഷമാൎന്നു ജവമോടു പിതാസുതന്മാർ
പാശം കരത്തിലുടനേന്തിയടുത്തു താതൻ
ആശങ്കവിട്ടു സുതനും ബലിപീഠമേറി.

124

നീട്ടിക്കൊടുത്തു ചരണങ്ങൾ കരങ്ങൾ രണ്ടും,
കെട്ടിക്കിടത്തി ജനകൻ മടിയേതുമെന്ന്യേ.
വെട്ടുന്നതിന്നു നിശിതായുധമേന്തി കൈയിൽ,
പിട്ടല്ലകൃത്യമുടനേ നിറവേറുമിപ്പോൾ.

125

മിന്നിത്തിളങ്ങുമൊരു വാളുയരുന്നു വാനിൽ,
ധന്യാത്മജന്റെ നയനങ്ങളടഞ്ഞിടുന്നു.
പിന്നെക്കഥിച്ചിടുവതെന്തഖിലാണ്ഡമപ്പോ-
ളൊന്നാകെ ഞെട്ടിനിലവിട്ടുവിറച്ചിടുന്നു.

126

താഴുന്നു വാളതിന്നിടയ്ക്കൊരു ദീപ്തിപൂരം
വീഴുന്നു വാനുലകിൽനിന്നു ജഗത്തിലേക്ക്
കീഴെത്തിടുന്നതിനു മുൻപതിനുള്ളിൽനിന്നും
പാഴററവെള്ളിടികണക്കൊരു ശബ്ദമുണ്ടായ്.

127

"വെട്ടീടൊലാ തനയനെ,ത്തരുണന്റെ മെയ്യിൽ
തൊട്ടീടൊലാ സഫലമായ് തവ പൂജയിപ്പോൾ
മുട്ടാടതാ വിടപശാഖയതിൽക്കുരുങ്ങി-
ക്കെട്ടിക്കിടപ്പതതിനേ ബലിചെയ്തുകൊള്ളാം."

128

വെട്ടാനോങ്ങിയ ഖഡ്ഗമായതുടനേ
താഴത്തുവീണു, കരം
കൂട്ടിക്കൂപ്പിനിറഞ്ഞ നേത്രയുഗളം
മേലോട്ടുയർത്തീടവേ,
കേട്ടുപിന്നെയുമാസ്വരം പറവതാ-
മാശ്വാസവാക്കീവിധം
"കേട്ടാലും! ജഗദീശ്വരന്റെ വചനം
നിന്നോടു ചൊല്ലുന്നു ഞാൻ."

129

"നീ യീകല്പന നിർവഹിപ്പതിലിദം
 വിശ്വസ്തനായ്ക്കാൺകയാൽ
ചെയ്യുന്നേനൊരു സത്യമിന്നു നിതരാം
 നിന്നിൽ പ്രസാദിച്ചു ഞാൻ;
പെയ്യിക്കും ശുഭമാരി ഞാനനിശമീ
 വംശദ്രുമത്തിന്നു മേൽ
മായാപേതമതീ ജഗത്തിലഖിലം
 വ്യാപിച്ചുശോഭിച്ചിടും."

130

"വിണ്ണിൽക്കാണ്മൊരു താരകാവലികണ-
 ക്കെന്നല്ല പാർത്തിട്ടിലേ-
യെണ്ണംവിട്ട മണൽത്തരിക്കു സമവും
 വർദ്ധിക്കുമീ സന്തതി;
കണ്ണിൽക്കാണ്മൊരു ശത്രുരാജ്യമഖിലം
 സ്വായത്തമാക്കിച്ചിരം
വണ്ണിപ്പാനരുതാത്തമട്ടവർ ഭരി-
 ച്ചീടും പ്രതാപത്തൊടേ."

131

എല്ലാം മംഗളമെന്നുകണ്ടു ഹൃദയം
 തിങ്ങുന്നമോദത്തൊടേ
സ്വർല്ലോകാധിപനെ സ്തുതിച്ചിരുവരും
 ശീഘ്രംമടങ്ങീടിനാർ.
കില്ലെന്ന്യേ ജഗദീശചിത്തമനിശം
 പിൻചെന്നിടും മാനുഷ-
ക്കെല്ലാവക്കുമിതേവിധത്തിലുളവാം
 ഈശപ്രസാദം; ശുഭം.

---

CT Library
*00007130*
T61 B437 C2

T·61

61
437
2

T61
B44